സംസ്ഥാനത്തെ പൊതുമേഖലയിലെ കമ്പനികൾ

6 [3518] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:*

,, *സാജു പോൾ:*

,, *മഞ്ഞളാംകുഴി അലി:*

,, *എം. വി. ഗോവിന്ദൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലയിൽ പുതുതായി കമ്പനികൾ രൂപീകരിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് വിശദാംശം വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമേഖലയിൽ സംസ്ഥാനത്ത് എത്ര കമ്പനികൾ സർക്കാർ രൂപീകരിക്കുകയുണ്ടായി; എത്ര കമ്പനികൾ ഇപ്പോൾ പ്രവർത്തനരഹിതമായിട്ടുണ്ട്;

(സി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രൈവറ്റ് ലിമിറ്റഡ് കമ്പനികളും ജോയിന്റ് സ്റ്റോക്ക് കമ്പനികളും പ്രവർത്തനരഹിതമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമേഖലയിൽ സംസ്ഥാനത്ത് വ്യവസായ വകുപ്പിനുകീഴിൽ പുതുതായി കമ്പനികളൊന്നും രൂപീകരിച്ചിട്ടില്ല. ആറെണ്ണം പ്രവർത്തനരഹിതമായിട്ടുണ്ട്.

(സി) കെ.എസ്.ഐ.ഡി.സി.-യുമായി സാമ്പത്തികബന്ധമുള്ള 48 കമ്പനികൾ പൂട്ടിയിട്ടുണ്ട്. എന്നാൽ അവയിൽ അഞ്ച് എണ്ണം പിന്നീട് തുറക്കുകയുണ്ടായി. വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.† പ്രൈവറ്റ് ലിമിറ്റഡ് കമ്പനികളുടെയും സ്റ്റോക്ക് കമ്പനികളുടെയും വിവരം ശേഖരിച്ചുനൽകുന്നതാണ്.

കശുവണ്ടി വികസന കോർപ്പറേഷന്റെ ബാദ്ധ്യതകളിൻമേൽ സർക്കാർ ഗ്യാരന്റി

7 [3519] *ശ്രീ. പി. ടി. തോമസ്:*

,, *ലൂഡി ലൂയിസ്:*

,, *കെ. എ. ചന്ദ്രൻ:*

,, *ടി. എൻ. പ്രതാപൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly